

# ആനന്ദപുരം സെന്റ് മേരീസ് ഇടവക

ആനന്ദപുരം സെന്റ് മേരീസ് പള്ളിയുടെ തുടക്കം നിലത്തെഴുത്ത് സ്ക്കൂളും കപ്പേളയും എന്ന വിധത്തിലായിരുന്നു. അതിനുവേണ്ട സ്ഥലം വാങ്ങിയത് കൊല്ലവർഷം 1073 എടവമാസം 14-ാം (1898 മാർച്ച് 31) തിയ്യതിയായിരുന്നു. നെരേപറമ്പിൽ ലോനഅന്തോണി, കിഴക്കൂടൻ ഔസേഫ് എന്നിവരുടെ പേരിൽ 22596-ാം നമ്പർ രജിസ്റ്റർ പ്രകാരം വാങ്ങുകയും ക്രമേണ മണ്ണുകൊണ്ട് ചുമരും, വയ്ക്കോൽ, മുള എന്നിവകൊണ്ട് മേല്പുരയും പണിതീർത്തു. നെരേപറമ്പിൽ ഔസേഫ് കുഞ്ഞിപ്പാലു, നെരേപറമ്പിൽ കുഞ്ഞിപ്പാലു കുഞ്ഞുവറീയ്ത്, ഒല്ലൂക്കാരൻ കുഞ്ഞിപ്പാലു കുരിയപ്പൻ, കിഴക്കൂടൻ ഔസേഫ് ലോനപ്പൻ, കിഴക്കൂടൻ കുഞ്ഞിപ്പാലു അന്തോണി എന്നിവരാണ് ഇതിനുവേണ്ടി ഉത്സാഹിച്ചത്.

വിദ്യാഭ്യാസത്തിന്റെ പ്രാരംഭമായ നിലത്തെഴുത്ത് അന്ന് പഠിപ്പിച്ചിരുന്നത് പറപ്പൂക്കര പള്ളിയുടെ കീഴിലായിരുന്ന ഈ ആശാൻ പള്ളിക്കൂടത്തിലായിരുന്നു. ഇവിടെ മേയ് മാസത്തിൽ മാതാവിന്റെ വണക്കമാസാചരണവും 31-ാം തിയ്യതി വണക്കമാസ തിരുനാളും നടത്തിയിരുന്നു.

ഈ പ്രദേശത്ത് പള്ളി പണിയുന്നതിന് പ്രചോദനവും നിർദ്ദേശവും നല്കിയത് ബഹു. ജോസഫ് ഇളംകുന്നപ്പുഴയച്ചനാണ്. അങ്ങനെ, അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ രജതജൂബിലി വർഷത്തിൽ 1969-ൽ ബഹു. ജോസഫച്ചന്റെ പരിശ്രമഫലമായി വർഷത്തിൽ ഒരു കുർബാന (മേയ് മാസത്തിൽ വണക്കമാസ തിരുനാളിന്) അർപ്പിക്കുന്നതിന് അനുവാദം ലഭിച്ചു. പിന്നീട്, ക്രിസ്തുമസ്, ഈസ്റ്റർ എന്നീ പ്രധാന തിരുന്നാളുകളിലും വി. കുർബാനയ്ക്ക് അനുവാദം കിട്ടി.

## കുരിശുപള്ളി

ഇരിങ്ങാലക്കുട രൂപത നിലവിൽ വന്നതിനുശേഷം ബഹു. വർഗ്ഗീസ് ഒ. വാഴപ്പിള്ളിയച്ചൻ

വികാരിയായിരുന്നപ്പോൾ 1981 ഒക്ടോബർ 3-ാം തിയ്യതിയാണ് ഈ കപ്പേളയെ കുരിശുപള്ളിയായി ഉയർത്തിയത്. അന്നേദിവസം അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് പുതിയ പള്ളിയുടെ കല്ലിടൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. സമുദായക്കാരിൽ നിന്നും ഗുണകാംക്ഷികളിൽ നിന്നും സംഭാവന സമാഹരിച്ച് പണി തുടങ്ങിയെങ്കിലും തുടർന്ന് സാമ്പത്തിക ക്ലേശം മൂലം പണി താത്ക്കാലികമായി നിറുത്താനിടയായി. പിന്നീട് വിദേശത്തുനിന്ന് ലഭിച്ച സംഭാവനകളാണ് ഈ പ്രതിസന്ധി പരിഹരിച്ചത്. മാതൃഇടവകയായ പറപ്പൂക്കരയിലെ പുല്ലോക്കാരൻ ലോനപ്പന്റെ മകളായ ഒരു സിസ്റ്റർ ആയിടെ ജർമ്മനിയിൽ സേവനം അനുഷ്ഠിക്കുന്നുണ്ടായിരുന്നു. അവരുടെ സഹായത്താൽ ലഭിച്ച സംഭാവനകൊണ്ടാണ് നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിച്ച് പൂർത്തിയായത്.

## പുതിയപള്ളി, ഇടവക

1984 മാർച്ച് 2-ാം തിയ്യതി അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് പുതിയ പള്ളി വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു. പിന്നീട് അഭിവന്ദ്യ പിതാവിന്റെ കൽപ്പന DL 5/85, 817/85 dt. 26.11.85 പ്രകാരം 1986 ഫെബ്രുവരി 2-ാം തിയ്യതി ഇടവക പ്രഖ്യാപനം നടത്തുകയും ചെയ്തു. ഇപ്രകാരം ആനന്ദപുരം ലിറ്റിൽ ഫ്ളവർ പള്ളിയിൽ നിന്ന് വേർപ്പെട്ട് ആനന്ദപുരം സെന്റ് മേരീസ് ഒരു സ്വതന്ത്ര ഇടവകയായി ത്തീർന്നു. റവ. ഫാ. വർഗ്ഗീസ് വടക്കേപീടികയായിരുന്നു പ്രഥമവികാരി. പിന്നീട് സൗകര്യാർത്ഥം മതബോധന ഹാൾ പണിതു.



വൈദിക മന്ദിരം, മതബോധന ഹാൾ